ലിൽ നിന്നുയർത്തിയെടുത്ത കരയെപ്പററിയും മററുമുള്ള സമാനങ്ങളായ ഐതിഹ്യങ്ങൾ എല്ലാ ദ്രാവിഡ ജനതകൾക്കുമുണ്ട്. സിന്ധു നാഗരികത ക്ഷയിച്ചതിനു കാരണം ഭൂകമ്പങ്ങളും വെള്ളപ്പൊക്കങ്ങളുമാണ്. ഈ പ്രകൃതികോപങ്ങളുടെ കാലത്ത് സൈന്ധവർ തെക്കോട്ടു നീങ്ങി പാർപ്പുറപ്പിച്ചിരിക്കാം.

മോഹൻജദരോവിലെ ചില അവശിഷ്ടങ്ങൾ ഒരു മഹാക്ഷേത്രത്തിന്റേതായിരുന്നുവെന്നു കരുതപ്പെടുന്നു. സങ്കീർണമായ ഒരു മതസംഘടനയും രാഷ്ട്രസംഘടനയും സൈന്ധവർക്കുണ്ടായിരുന്നുവെന്നാണിതു കാണിക്കുന്നത്. സൈന്ധവർക്കിടയിൽ ധനികരും ദരിദ്രരും ഉണ്ടായിരുന്നു. എല്ലാ സൈന്ധവനഗരങ്ങളിലും ഒരു 'ദുർഗം' (സിററാഡൽ) ഉണ്ടായിരുന്നതായും അറിയപ്പെട്ടിട്ടുണ്ട്. നഗരാസൂത്രണവും സംരക്ഷിത ജലവിതരണവും അഴുക്കുചാൽ പദ്ധതിയുമെല്ലാം കാണിക്കുന്നത് സൈന്ധവരുടെ അധികാര കേന്ദ്രീകരണത്തെയാണ്. വർഗരഹിതമായ സൈന്ധവ സമുദായത്തെപ്പററിയുള്ള ധാരണ വെറും സങ്കല്പം മാത്രമാകുന്നു. ദ്രാവിഡ സമൂഹത്തിന്റെ കാർഷികവിജ്ഞാനം, ധനവിനിയോഗം, ഗൃഹനിർമാണം, സമൂഹത്തിനിടയിലുള്ള ഉച്ചനീചത്വങ്ങൾ മുതലായവ സംബന്ധിച്ച് ഭാഷാശാസ്ത്രത്തിൽനിന്നു കിട്ടുന്ന വിവരങ്ങൾ സൈന്ധവനാഗരികതയുടെ മേൽപ്പറഞ്ഞ സവിശേഷതകൾക്ക് ഊന്നു കൊടുക്കുന്നവയാകുന്നു.

കാബൂൾനദിക്കു തെക്കുള്ള ഉത്തരേന്ത്യൻ പ്രദേശങ്ങളിൽ വടക്കെ പഞ്ചാബിലും ഹിമാലയത്താഴ്വരകളിലും ക്രി. മു. നാലാമായിരത്താണ്ടിൽ ദ്രാവിഡർ പാമീറിൽനിന്നോ മറേറാ കടിപ്പാർപ്പുറപ്പിച്ചിരിക്കാം. പിന്നീടു അവർ സിന്ധുനദീതടത്തിലേക്കും മധ്യേന്ത്യയിലേക്കും തെക്കോട്ടും, കിഴക്കോട്ടും വ്യാപിച്ചിരിക്കാം. ഏതായാലും ഒരേ പ്രദേശത്തു ദീർഘകാലം നിലനിന്നു നല്ലപോലെ വികസിച്ച പ്രാദേശിക സംസ്കാരങ്ങളുടെ അസ്തിവാരത്തിന്മേൽ പടുത്തു കെട്ടപ്പെട്ടതാണ് സൈന്ധവ നാഗരികത. അതു് പുറമെ എവിടെയോനിന്നു പെട്ടെന്നു കടിയേറി വന്നതല്ല. സൈന്ധവ നാഗരികതയ്ക്കു് പിന്നീടുവന്ന ആര്യനാഗരികതയോടു് അവിഭാജ്യമായ ബന്ധത്തുടർച്ചയുണ്ടെന്നതാണു മറെറാരു മുഖ്യ കാര്യം. ബൗദ്ധ-ജൈന-ഹിന്ദുമതങ്ങളിൽ സൈന്ധവ നാഗരികതയുടെ മുദ്രകൾ ഇന്നും പതിഞ്ഞു കിടക്കുന്നു. കലകളിലും കൈവേലകളിലും കാലഗണനയിലും മതാരാധനാരീതികളിലും സൈന്ധവർ നേടിയതെല്ലാം സാമാന്യ ഭാരതീയ സംസ്കാരത്തിന്റെ ഊടും പാവുമായി മാറിയിട്ടുണ്ടെന്നും സോവിയററ് ശാസ്ത്രജ്ഞർക്കഭിപ്രായമുണ്ട്.

കൂടുതൽ കൂടുതൽ സൈന്ധവാവശിഷ്ടങ്ങൾ ഇപ്പോഴും കണ്ടുപിടിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ രംഗത്തു നമ്മുടെ അറിവു വർദ്ധിച്ചുവരുന്നു. നമ്മുടെ പൈതൃകം ശരിക്കു മനസ്സിലാക്കുന്നതിനുള്ള ഈ മഹാപരിശ്രമത്തിൽ റഷ്യൻ ശാസ്ത്രജ്ഞർ നൽകിയ സംഭാവനയ്ക്കു ശ്ലാഘ്യമായ സ്ഥാനം ഉണ്ടായിരിക്കും. അതിന്റെ വിശദാംശങ്ങൾ അറിവാൻ തീർച്ചയായും നമുക്കു് അത്യാകാംക്ഷയുണ്ട്.

13 മാർച്ച്, 1982

# 64. അമേരിക്കയിലെ ഹിന്ദുക്ഷേത്രങ്ങൾ

അമേരിക്കയിൽ ടെക്സാസ് സ്റ്റേററിലെ ഹൂസ്റ്റൺ നഗരത്തിൽ നിർമിച്ച മീനാക്ഷിക്ഷേത്രത്തിന്റെ കുംഭാഭിഷേകം ജൂൺ 27-ാം തീയതി നിർവഹിക്കപ്പെട്ടു. ഐക്യനാടുകളിലെ മൂന്നാമത്തെ വലിയ ഹിന്ദുക്ഷേത്രമാണിതു്.

അമേരിക്കയിൽ ധാരാളം ഇന്ത്യക്കാർ ഇപ്പോഴുണ്ട്. ഇവരിൽ പലരും അമേരിക്കൻ പൗരത്വം സ്വീകരിച്ചവരാണ്. എന്നാലും, തങ്ങൾ ജനിച്ചു വളർന്ന സംസ്കാരപാരമ്പര്യങ്ങളിൽ ഇവർക്ക് അഭിമാനമുണ്ട്. പക്ഷേ, ആ സംസ്കാരത്തിലും പാരമ്പര്യത്തിലും പങ്കാളികളാകുവാൻ ഇവരുടെ കുട്ടികൾക്ക് അവസരം ലഭിക്കുന്നില്ല. മതാചാരങ്ങളനുസരിച്ചുള്ള ജാതകർമം, ഉപനയനം മുതലായ സംസ്കാരങ്ങളുടെ കഥ പോകട്ടെ, 'രാമൻ' 'കൃഷ്ണൻ' മുതലായ വാക്കുകൾ ശരിക്ക് ഉച്ചരിക്കാൻകൂടി കഴിവു നല്കാത്ത സാഹചര്യത്തിലാണ് ഈ കുട്ടികൾ വളരുന്നത്. രാമൻ അവർക്കു 'ഴാമ' ആണ്; കൃഷ്ണൻ 'കിശ്ന'യും.

ഹിന്ദുസംസ്കാരത്തിന്റെ നല്ല വശങ്ങളെപ്പററി സാമാന്യമായ ബോധമെങ്കിലും ഈ കുട്ടികൾക്കുണ്ടായാൽ കൊള്ളാമെന്ന് അവരുടെ രക്ഷിതാക്കൾ ആഗ്രഹിച്ചാൽ അതു സ്വാഭാവികം മാത്രമാണ്. ഈ ആഗ്രഹത്തിന്റെ ഫലമായി പിറവിയെടുത്തവയാണ് അമേരിക്കയിലെ ഹിന്ദുക്ഷേത്രങ്ങൾ. സഹസ്രാബ്ദങ്ങളായി ഹൈന്ദവ സംസ്കാര കേന്ദ്രങ്ങളായി വർത്തിച്ചുവന്നതു് ക്ഷേത്രങ്ങളാണല്ലോ. വാസ്തുശില്പവും പ്രതിമാശില്പവും ചിത്രകലയും സംഗീതവും വാദ്യവും നൃത്യവും ആരാധനയും തത്ത്വചിന്തയും ത്യാഗവും ഭോഗവും എല്ലാം ക്ഷേത്രങ്ങളിൽ സമ്മേളിക്കുന്നു. ജനങ്ങൾക്കു സാമൂഹ്യസമ്പർക്കത്തിനുള്ള അഭൗതീയ സന്ദർഭങ്ങളും ക്ഷേത്രങ്ങൾ നല്കുന്നു. ഏതാനും മണിക്കൂറുകൾ സഞ്ചരിച്ചാൽ എത്തിച്ചേരാവുന്ന ഇടങ്ങളിലെങ്കിലും ഇത്തരം ചില സ്ഥാപനങ്ങൾ ഉണ്ടായിക്കാണാൻ ഏതു ഹിന്ദുവാണ് ആഗ്രഹിക്കാതിരിക്കുക?

അമേരിക്കയിൽ സാഹിത്യത്തിനും തത്ത്വചിന്തയ്ക്കും ആരംഭം കുറിച്ച എമേഴ്സൻ, തോറോ മുതലായവരെ ഹൈന്ദവതത്ത്വചിന്ത ആകർഷിച്ചിരുന്നു. 'ബോസ്റ്റണിലെ ബ്രാഹ്മണർ' എന്നും, ട്രാൻസെൻഡെൻറലിസ്റ്റുകൾ (പ്രകൃത്യതീതവാദികൾ) എന്നും അവരെ പറയാറുണ്ട്. ഹൈന്ദവ തത്ത്വചിന്ത അമേരിക്കയിൽ പ്രചരിപ്പിക്കുന്നതിന് സ്വാമി വിവേകാനന്ദൻ ചെയ്ത പ്രയത്നങ്ങൾ പരക്കെ അറിയപ്പെടുന്നവയാണ്. ശ്രീരാമകൃഷ്ണമിഷന്റെ നേതൃത്വത്തിൽ അമേരിക്കയിൽ പല 'വേദാന്ത സൊസൈററി'കളും പ്രവർത്തിച്ചു വരുന്നുണ്ട്. ആര്യസമാജത്തിനുമുണ്ട് അമേരിക്കയിൽ ചില കേന്ദ്രങ്ങൾ. അടുത്തകാലത്തു പല 'ഗുരു'ക്കന്മാരും അമേരിക്കയിൽ സ്വന്തം കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഭക്തിവേദാന്തപ്രഭുപാദസ്വാമി സ്ഥാപിച്ച ഹരേകൃഷ്ണപ്രസ്ഥാനത്തിന്റെ കേന്ദ്രങ്ങൾ ഇക്കൂട്ടത്തിൽ പ്രധാനപ്പെട്ടവയത്രെ. പക്ഷേ, ഇവയുടെയെല്ലാം മുഖ്യലക്ഷ്യം അമേരിക്കക്കാർക്കിടയിൽ ഹിന്ദുമതതത്ത്വങ്ങൾ പ്രചരിപ്പിക്കുകയാകുന്നു. എന്നാൽ, അമേരിക്കയിൽ ക്ഷേത്രങ്ങളുണ്ടാക്കുന്നവർക്ക് അന്യ മതക്കാർക്കിടയിൽ ഹിന്ദുമതം പ്രചരിപ്പിക്കുന്നതിൽ താല്പര്യമില്ല; മതപരിവർത്തനത്തിൽ ഒട്ടുമില്ല. അമേരിക്കയിലെ ഇന്ത്യക്കാരുടെ, പ്രത്യേകിച്ച് ഹിന്ദുക്കളുടെ, സാംസ്കാരികകേന്ദ്രങ്ങളായിട്ടേ ഈ ക്ഷേത്രങ്ങൾ ഉദ്ദേശിക്കപ്പെടുന്നുള്ളു. മററുള്ളവർക്കും വേണമെങ്കിൽ അവിടെ വരാം; പൂജകളിലും മററും പങ്കെടുക്കാം; ലൈബ്രറി മുതലായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്യാം. പക്ഷേ, ഔപചാരികമായി ഹിന്ദുമതം സ്വീകരിക്കുവാൻ അവരുടെമേൽ ഒരു പ്രേരണയും ചെലുത്തുന്നതല്ല.

അമേരിക്കയിൽ ആദ്യമായി ഇന്ത്യൻ രീതിയിലുള്ള ഒരു ഹിന്ദുക്ഷേത്രമുണ്ടായതു് ന്യൂയോർക്ക് നഗരത്തിലായിരുന്നു. ഐക്യരാഷ്ട്രസമിതിയിൽ ഒരുയർന്ന ഉദ്യോഗസ്ഥനായിരുന്ന ശ്രീ സി. വി. നരസിംഹനാണ് ഈ ക്ഷേത്രസ്ഥാപനത്തിനു മുൻകൈയെടുത്തതു്. അമേരിക്കയിൽ കൂടുതൽ ഇന്ത്യക്കാരുള്ള നഗരം ന്യൂയോർക്കാണ്. അതിനാൽ ഇത്തരമൊരു സ്ഥാപനത്തിന് അധികം പ്രസക്തിയും ന്യൂയോർക്കിൽ

ത്തന്നെ. ഇതൊരു ഗണപതിക്ഷേത്രമാണ്. വാരാന്തങ്ങളിൽ ആയിരത്തോളം ഭാരതീയർ ആരാധനയ്ക്കായി ഇവിടെ വരുന്നുണ്ടത്രെ. ഈ ക്ഷേത്രത്തിന് ഇപ്പോൾ ആണ്ടിൽ മൂന്നു ലക്ഷം ഡോളറിലധികം നടവരവുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നു വലിയ ഒരു തുക ഏഴു വർഷത്തേക്കു കടമെടുത്താണ് ഈ ക്ഷേത്രം നിർമിച്ചത്. അഞ്ചു കൊല്ലം കൊണ്ട് ഈ കടം മുഴുവൻ തിരിച്ചടച്ചു. സ്റ്റേറ്റ് ബാങ്ക് ഏതെങ്കിലും സ്ഥാപനത്തിനു നല്കിയ ഏററവും നല്ല വായ്പ ഈ ക്ഷേത്രത്തിനുള്ളതായിരുന്നുവെന്ന് തമാശയായി പറയാറുണ്ടത്രേ.

ഉരുക്കു നഗരമായ പിററ്സ്ബർഗിൽ ഒരു കുന്നിൻപുറത്തു നിർമിച്ച ശ്രീ വെങ്കിടേശ്വരക്ഷേത്രമാണ് അമേരിക്കയിലെ രണ്ടാമത്തെ ഹിന്ദുക്ഷേത്രം. ഈ ക്ഷേത്രം നിർമിക്കുന്നതിന് തിരുപ്പതി ദേവസ്ഥാനത്തിൽ നിന്നു ഗണ്യമായ സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. ന്യൂയോർക്ക് ഗണപതി ക്ഷേത്രത്തേക്കാൾ ആകർഷകമായ ഒരു സാമൂഹ്യകേന്ദ്രമായിത്തീർന്നിട്ടുണ്ട് പിററ്സ്ബർഗ് വെങ്കിടേശ്വരക്ഷേത്രം. ന്യൂയോർക്ക് ക്ഷേത്രത്തിന്റെ ഇരട്ടി, ആറു ലക്ഷം ഡോളറിലേറെ, ഈ ക്ഷേത്രത്തിന് ആണ്ടിൽ നടവരവുണ്ട്.

ജൂൺ 27-ാം തീയതി ഹ്യൂസ്റ്റണിൽ പ്രവർത്തനമാരംഭിച്ച മീനാക്ഷി ക്ഷേത്രത്തിൽ മൂന്നു ശ്രീകോവിലുകളുണ്ട്. നടുവിലുള്ള, ഉയരം കുറഞ്ഞ, ശ്രീകോവിലിൽ ക്ഷേത്രത്തിലെ മുഖ്യ ദേവതയായ മീനാക്ഷിയുടെ മനോഹരമായ വിഗ്രഹം പ്രതിഷ്ഠിച്ചിരിക്കുന്നു. വലത്തും ഇടത്തുമുള്ള ശ്രീകോവിലുകളിൽ ദേവിയുടെ ഭർത്താവായ സുന്ദരേശ്വര(ശിവ)നെയും സഹോദരനായ വെങ്കടേശ്വര(വിഷ്ണു)നെയുമാണ് പ്രതിഷ്ഠിച്ചിട്ടുള്ളത്. ശ്രീകോവിലുകളുടെ ഒരു വശത്തെ ചുമരിൽ രാധാകൃഷ്ണന്മാരെയും അയ്യപ്പനെയും പ്രതിഷ്ഠിച്ചിരിക്കുന്നു. മറുവശത്തു് ത്രിശൂലാകൃതിയിലുള്ള അഗ്നിജ്വാലയ്ക്കുള്ളിൽ തപസ്സു ചെയ്യുന്ന ഒരു ബാലികയുടെ രൂപത്തിലുള്ള കുണ്ഡലിനീശക്തിയുടെ രൂപമാണ് പ്രതിഷ്ഠിച്ചിട്ടുള്ളത്. ഇത്തരമൊരു വിഗ്രഹകല്പനം ഇദംപ്രഥമമാണ്.

ശ്രീകോവിലുകൾക്കു ചുററും പ്രദക്ഷിണം വെക്കുന്നതിനുള്ള തിരുമുററവും ഒരു വശത്തു് അഞ്ഞൂറോളം ആളുകൾക്ക് ഇരിക്കാവുന്ന ഒരു ഹാളുമുണ്ട്. സാമൂഹ്യപ്രവർത്തനങ്ങൾക്ക് ഈ ഹാൾ ഉപകരിക്കും. മതഗ്രന്ഥങ്ങളടങ്ങിയ ഒരു പുസ്തകാലയവും ഇവിടെ ഉണ്ടാവും. രണ്ടു ലക്ഷം ഡോളർ ചെലവാക്കി ഒരു രാജഗോപുരം നിർമിക്കാനും പദ്ധതിയുണ്ട്.

ആന്ധ്രപ്രദേശ് ഗവണ്മെൻറിന്റെ മതസ്ഥാപന വകുപ്പിലെ മുഖ്യ സ്ഥപതിയായ ശില്പകലാനിധി എസ്. എം. ഗണപതി, അദ്ദേഹത്തിന്റെ അനുജൻ ശ്രീ മുത്തയ്യാസ്ഥപതി എന്നിവരാണ് ഈ ക്ഷേത്രങ്ങളുടെ പ്ലാൻ തയ്യാറാക്കിയതും, അവ നിർമിക്കുന്നതിന്റെ മേൽനോട്ടം വഹിച്ചതും, വിഗ്രഹങ്ങൾ കൊത്തിയുണ്ടാക്കിയതും. ഇവർക്കു പുറമേ, തമിഴ്നാട്ടിൽ നിന്നു വന്ന ഒരു ഡസൻ ശില്പികളും ഈ ക്ഷേത്രനിർമാണത്തിൽ പങ്കെടുത്തിട്ടുണ്ട്. ആന്ധ്രപ്രദേശ് ഗവണ്മെൻറ്, തമിഴ്നാട് ഗവണ്മെൻറ്, തിരുപ്പതി-മധുര ദേവസ്ഥാനങ്ങൾ എന്നിവയുടെ സഹകരണം ഈ ക്ഷേത്രങ്ങളുടെ നിർമാണത്തിൽ പ്രാദേശിക പ്രവർത്തകർക്കു നിർല്ലോഭം ലഭിച്ചിട്ടുണ്ട്.

ഈ മൂന്നു ക്ഷേത്രങ്ങൾക്കു പുറമേ ലോസ് ആഞ്ജലസ്സിൽ ഒരു വെങ്കടേശ്വര ക്ഷേത്രവും ഷിക്കാഗോവിൽ ഒരു ശ്രീരാമക്ഷേത്രവും നിർമിക്കുന്നതിനുള്ള ശ്രമങ്ങളും പുരോഗമിച്ചിട്ടുണ്ട്. ആൽബെനി, ആൽബെർട്ട, ബോസ്റ്റൺ, ഡിലാവെയർ, ഡെൻവേർ, ഡിട്രോയ്ററ്, ഹാർട്ട്ഫോർഡ്, സാൻഫ്രാൻസിസ്കോ, വാഷിങ്ടൺ, വാപ്പിൻഗർ, ഫാൾസ് എന്നിവിടങ്ങളിലും ക്ഷേത്രങ്ങൾ നിർമിക്കാൻ ആലോചനയുണ്ട്.

തികച്ചും സ്വതന്ത്രങ്ങളായ പ്രാദേശിക സമിതികളാണ് ഈ ക്ഷേത്രങ്ങൾ നിർമിക്കുന്നത്. ലാഭമുണ്ടാക്കാത്ത സ്ഥാപനങ്ങളാകയാൽ ഇവയ്ക്ക് അമേരിക്കൻ ഗവൺമെൻറ് നികുതിയിളവു നല്കുന്നു. ഹൂസ്റ്റണിൽ മീനാക്ഷിക്ഷേത്രം നിർമിച്ച 'ശ്രീ മീനാക്ഷി സൊസൈററി'യുടെ പ്രസിഡണ്ട് ഇപ്പോൾ മദ്രാസിലുള്ള സി. വി. നരസിംഹൻ ആണ്. പ്രസിദ്ധ ഭൗതിക ശാസ്ത്രജ്ഞനായ ഡോ. ഇ. സി. ജി. സുദർശനൻ ഈ സൊസൈററിയുടെ ഭരണസമിതിയിൽ അംഗമാകുന്നു. ഈ ക്ഷേത്രങ്ങൾക്ക് ആവശ്യമുള്ള സഹായങ്ങൾ അതാതു് അവസരത്തിൽ നല്കുന്നതിനായി 'ഭാരതീയ ഇൻറർനാഷണൽ ട്രസ്റ്റ്' എന്ന പേരിൽ ഒരു സ്ഥാപനം മദ്രാസ്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പിററ്സ്ബർഗ് ക്ഷേത്രത്തിനു തിരുപ്പതി ദേവസ്ഥാനത്തോടും, ഹൂസ്റ്റൺ ക്ഷേത്രത്തിന് മധുര ദേവസ്ഥാനത്തോടും, പണിയാനുദ്ദേശിക്കുന്ന ഷിക്കാഗോക്ഷേത്രത്തിന് ഭദ്രാചലം ക്ഷേത്രത്തോടും സവിശേഷ ബന്ധങ്ങളുണ്ടായിരിക്കും. ശില്പകലയിലെ ഹൈന്ദവ പാരമ്പര്യം പരമാവധി പുലർത്തിക്കൊണ്ടാണ് അമേരിക്കയിലെ ഈ ക്ഷേത്രങ്ങൾ നിർമിക്കുന്നത്.

അമേരിക്കയിലെ എല്ലാ ക്ഷേത്രങ്ങളും തമ്മിൽ സഹകരിച്ചു പ്രവർത്തിക്കുന്നതു സാദ്ധ്യമാക്കുന്നതിനുള്ള സംവിധാനം ക്രമേണ ഉണ്ടാക്കണമെന്നാണ് പ്രവർത്തകർ ആഗ്രഹിക്കുന്നത്. ഓരോ ക്ഷേത്രവും ഓരോ സാംസ്കാരിക കേന്ദ്രം കൂടിയായിരിക്കും. പിററ്സ്ബർഗ് ക്ഷേത്രത്തിൽ കുട്ടികൾക്കുള്ള ഒരു വേനൽക്കാല ക്യാമ്പ് ഇതിനകം സംഘടിപ്പിക്കപ്പെടുകയുണ്ടായി.

ഈ ക്ഷേത്രങ്ങളിൽനിന്നുള്ള ആദായത്തിൽ ഒരു ഭാഗം ഇന്ത്യയിലെ ക്ഷേത്രങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ചെലവഴിക്കുന്നതായിരിക്കും. ഇതൊരു പരസ്പര സഹായാടിസ്ഥാനത്തിലാണ്. ന്യൂയോർക്കിലേയും പിററ്സ്ബർഗിലേയും ക്ഷേത്രങ്ങൾ ഇതിനകം തിരുപ്പതിയിൽ വിദേശീയ തീർത്ഥയാത്രികർക്കുവേണ്ടി നാലു ഫ്ളാററുകൾ നിർമിച്ചു കഴിഞ്ഞിട്ടുണ്ട്. ആന്ധ്രപ്രദേശത്തിൽ മേദക് ജില്ലയിലുള്ള മല്ലികാർജുന ക്ഷേത്രത്തിൻെറ പുനരുദ്ധാരണത്തിനും, ഈ ക്ഷേത്രത്തിനു ചുററുമായി ചില സാമൂഹ്യ-വിദ്യാഭ്യാസ സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിനും, അമേരിക്കൻ ക്ഷേത്രക്കമ്മററികൾ സഹായം നല്കുന്നുണ്ട്. ഇതിനായി അവർ അമ്പതിനായിരം ഡോളർ പിരിച്ചെടുത്തു കഴിഞ്ഞു. അമേരിക്കയിൽനിന്നു കിട്ടുന്ന തുകയോളംതന്നെ വരുന്ന ഒരു തുക പ്രാദേശികമായി ഇന്ത്യയിലും പിരിച്ചെടുക്കണമെന്ന വ്യവസ്ഥയിലാണ് ഈ സഹായം നല്കപ്പെടുന്നത്.

# 65. വിഷമദ്യം

ഹ്രസ്വതയ്ക്കു് കുപ്രസിദ്ധി നേടിയ പൊതുജനങ്ങളുടെ സ്മരണയിൽപ്പോലും 1982-ലെ ഓണം വളരെ ആണ്ടുകളോളം പുകഞ്ഞു കിടക്കാതിരിക്കയില്ല. ചുരുങ്ങിയതു് എഴുപതു പേർക്കെങ്കിലും മരണവും ഇരുപതു പേർക്കെങ്കിലും ശാശ്വതവും പൂർണവുമായ അന്ധതയും എത്രയോ ആളുകൾക്ക് ഭാഗികമായ കാഴ്ചക്കുറവും സമ്മാനിച്ച കൊച്ചിക്കടുത്തുള്ള വൈപ്പ്ദ്വീപിലെ ചാരായ ദുരന്തം സംഭവിച്ചതു് ഈയാണ്ടിലെ ഓണദിവസമാണല്ലോ.

'ചെത്തരുതു്, വില്ക്കരുതു്, കുടിക്കരുതു്' എന്നു് ഉപദേശിച്ച ശ്രീനാരായണഗുരുസ്വാമികളുടെ അസ്ഥികൾ ഈ ചതയദിനത്തിൽ വർക്കലയിലെ